(ബി) സംസ്ഥാനത്തെ സർക്കാർ നഴ്സിംഗ് കോളേജുകളിൽനിന്നും പഠനം പൂർത്തിയാക്കി ഇറങ്ങുന്ന വിദ്യാർത്ഥികൾ നിലവിൽത്തന്നെ ലോകോത്തര നിലവാരം പുലർത്തുന്നവരാണ്. നഴ്സിംഗ് വിദ്യാഭ്യാസം ആധുനികവത്ക്കരിക്കുന്നതിനും മത്സരം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) നഴ്സിംഗ് മേഖലയിലെ തൊഴിൽ ശക്തി ഉയർത്തുന്നതിനായി സ്കിൽ ടെയിനിംഗ്, പ്രീ-സർവ്വീസ് എഡ്യൂക്കേഷൻ തുടങ്ങിയവ ഗുണകരമായിരിക്കും.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലും സ്വകാര്യ മെഡിക്കൽ കോളേജുകളിലും ഹൗസ് സർജൻസി ചെയ്യുന്നവർക്ക് സ്റ്റൈപ്പന്റ് ലഭ്യമാക്കാൻ നടപടി

105 (4391) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സ് പൂർത്തിയാക്കി ഒരു വർഷം ഹൗസ് സർജൻസി ചെയ്യുന്നവർക്ക് പ്രതിമാസം പതിനയ്യായിരം രൂപ സ്റ്റൈപ്പന്റായി ലഭിക്കുമെന്നിരിക്കെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും സ്വകാര്യ മെഡിക്കൽ കോളേജികളിലുംനിന്ന് പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഹൗസ് സർജൻസി ചെയ്യുന്ന എസ്.സി./എസ്.ടി./ ഒ.ഇ.സി.വിഭാഗം ഹൗസ് സർജൻമാർക്ക് ന്യായമായി കിട്ടേണ്ടുന്ന സ്റ്റൈപ്പന്റ് നിഷേധിക്കുന്ന മെഡിക്കൽ കോളേജുകൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) സ്വകാര്യ ദന്തൽ/മെഡിക്കൽ തുടങ്ങിയ കോളേജുകളിലെ എല്ലാ വിഭാഗങ്ങളിലുംപെട്ട വിദ്യാർത്ഥികൾക്ക് ന്യായമായ നിരക്കിൽ സ്റ്റൈപ്പന്റ് തുക ലഭ്യമാകുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ നിർദ്ദേശത്തെ തുടർന്ന് സ്വകാര്യ മാനേജ്മെന്റുകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടികൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly